

## എരയാംകുടി
# ഫെബ്രുവരി 24ന് വിത്തിറക്കൽ

**എറണാകുളം,** തൃശ്ശൂർ ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന എരയാംകുടി നെൽപാടങ്ങൾ ഇഷ്ടിക ലോബികളുടെ കൈയിൽപ്പെട്ട് നശിക്കുന്നത് തടയണമെന്നും നെൽകൃഷി പുനരാരംഭിക്കണമെന്നുമാവശ്യപ്പെട്ട് എരയാംകുടി നെൽവയൽ സംരക്ഷണ സമിതി ആരംഭിച്ച സമരം ജനകീയ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിന്തുണയോടെ തുടരുന്നു. കേരളത്തിലെ കർഷക സമരങ്ങളുടെ ചരിത്രത്തിലെ ധീരപോരാട്ടങ്ങൾ നടന്ന കണ്ണൂരിലെ കരിവെള്ളൂരിൽ നിന്നും കൊണ്ടുവരുന്ന വിത്തിറക്കി കൃഷിയാരംഭിച്ചുകൊണ്ട് സമരം അടുത്ത ഘട്ടത്തിലേക്ക് കടക്കുകയാണ്. കർഷക സമരത്തിനു നേരെ പോലീസ് വെടിയുതിർത്ത കരിവെള്ളൂരിൽ നിന്നും 1969ൽ കർഷക സമരത്തിനു നേരെ വെടിവയ്പ്പു നടന്ന എരയാംകുടിയിലേക്ക് വിത്തെത്തുമ്പോൾ ചരിത്ര പോരാട്ടങ്ങളുടെ സ്മരണകൾകൂടി സമരത്തിന് ആവേശം നൽകുകയാണ്. കൃഷിയ്ക്കൊപ്പം പരിസ്ഥിതിയും ജലവും ആരോഗ്യവും സംരക്ഷിക്കാൻ വേണ്ടി നടത്തുന്ന ഈ സമരത്തിനെ തകർക്കാൻ ഇഷ്ടിക മണ്ണ് മാഫിയകളും സി പി എമ്മും നിരവധി തവണ ശ്രമിക്കുകയുണ്ടായി. സമരപ്പന്തൽ കത്തിക്കുക, ബണ്ട് തകർക്കുക, നക്സൽ/മാവോയിസ്റ്റ് ആരോപണമുന്നയിച്ച് റെയിഡ് നടത്തുക, സമരപ്രവർത്തകരെ കൈയേറ്റം ചെയ്യുക തുടങ്ങിയ നിരവധി ഹിംസാത്മക പ്രവർത്തനങ്ങൾ നടത്തി സമരത്തെ തകർക്കാൻ മാഫിയ-സി പി എം കൂട്ടുകെട്ട് ശ്രമിച്ചെങ്കിലും ഇച്ഛാശക്തിയോടെ സമരം തുടരാൻ നെൽവയൽ സംരക്ഷണ സമിതിയ്ക്ക് കഴിഞ്ഞു. സമരസമിതിയുടെ ഉറച്ച നിലപാടുകൾ വൈകിയാണെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ അവർക്ക് നേടിക്കൊടുത്തു. ഇടുതുപക്ഷം ഭരിക്കുന്ന അന്നമനട പഞ്ചായത്തും ആറ് ഏക്കർ പാടത്ത് കൃഷിയിറക്കാൻ തയ്യാറായതും സമരത്തിന്റെ വിജയമായി കണക്കാക്കാം. എന്നാൽ 700 ഏക്കറിലെ അതിഫലഭൂയിഷ്ടമായ കൃഷിഭൂമി അനധികൃതമായി മണ്ണെടുത്ത് നശിപ്പിക്കുമ്പോൾ ആറ് ഏക്കറിൽ മാത്രം കൃഷിയിറക്കി തങ്ങൾ കൃഷിക്കനുകൂലമാണെന്നും ഒപ്പം ഇഷ്ടിക്കളങ്ങളും വേണമെന്നുള്ള സി പി എം നിലപാടിനെ സംരക്ഷിക്കുകയും പരോക്ഷത്തിൽ മണ്ണ് മാഫിയയ്ക്ക് അതിരില്ലാത്ത സഹായം നൽകുകയുമാണ് പഞ്ചായത്ത് ചെയ്തത്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരവും വെള്ളവും സംരക്ഷിക്കുന്നതിനു വേണ്ടി കൃഷി നടത്താൻ ആറ് ഏക്കറും 25 അടി ആഴത്തിൽ വരെ കുഴിച്ച് കളിമണ്ണെടുത്ത് ഇഷ്ടിക നിർമ്മിക്കാൻ 700 ഏക്കറുമെന്നത് സാമാന്യബുദ്ധിയുള്ള ആർക്കും നായീകരിക്കാൻ കഴിയാത്തതാണ്. സമീപവാസികൾക്ക് തൊഴിലു നൽകാൻ കഴിയാത്ത ഇഷ്ടിക്കളങ്ങൾ നാട്ടുകാർക്ക് നിരവധി ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. 100 ഏക്കറിനുള്ളിൽ പ്രവർത്തിക്കുന്ന 16 ഇഷ്ടികക്കളങ്ങൾ ചൂളയിൽ ടയറും മറ്റും കത്തിക്കുന്നതുകൊണ്ട് പുകമൂലം ആസ്ത്മ, ചുമ, അലർജി തുടങ്ങിയ രോഗങ്ങളുള്ളവർ പ്രദേശത്ത് കൂടിവരുകയാണ്. ഫെബ്രുവരി 24ന് വിത്തിറക്കി കൃഷിയാരംഭിക്കുന്നതോടെ തുടങ്ങുന്ന സമരത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് പ്രകൃതിയ്ക്കും വായുവിനും വെള്ളത്തിനും ആരോഗ്യമുള്ള ജനതയ്ക്കും ഭാവിയ്ക്കു വേണ്ടി ഒത്തുചേരാൻ നെൽവയൽ സംരക്ഷണ സമിതി ആഹ്വാനം ചെയ്തിട്ടുണ്ട്.

*ബന്ധങ്ങൾക്ക് : 9947143581*



## മുരിയാട്
# കർഷകസാക്ഷ്യത്തോടെ പുതിയ ഘട്ടത്തിലേക്ക്

**അനധികൃത** മണ്ണെടുപ്പ് കാരണം നശിച്ചുകൊണ്ടിരിക്കുന്ന തൃശൂർ ജില്ലയിലെ മുരിയാട് കായൽ മേഖലയിലെ 7000 ഏക്കർ കോൾപ്പാടങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കർഷകർ നടത്തിയ ബഹുജന സമരം റവന്യൂ, കൃഷി മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലുണ്ടായ ഒത്തുതീർപ്പുകൾ ലംഘിക്കപ്പെട്ടതിനെത്തുടർന്ന് വീണ്ടുമാരംഭിക്കുന്നു. മണ്ണ് ഖനനക്കാർക്ക് എട്ട് പഞ്ചായത്തുകളും ഒത്തുകളിച്ചതിനെത്തുടർന്നാണ് ഒത്തുതീർപ്പുകളുമുണ്ടായ തീരുമാനങ്ങൾ പാലിക്കപ്പെടാൻ കഴിയാതെപോയത്. കളക്ടറുടെ ഉത്തരവ് ലംഘിച്ചുകൊണ്ട് ഇപ്പോഴും ഈ മേഖലയിൽ ഖനനം നടക്കുന്നുണ്ട്. ഇഷ്ടിക, ഓട് വ്യവസായത്തെ തകർ ക്കാൻ അനുവദിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് സി. ഐ. ടി. യു. വിന്റെ നേതൃത്വത്തിൽ തൊഴിലാളി സംഘടനകൾ കർഷകസമരത്തിനെതിരെ രംഗത്തുവന്നിട്ടുണ്ട്. മണ്ണെടുക്കുന്ന വമ്പന്മാർക്ക് മുതലെടുപ്പ് നടത്താനുള്ള തന്ത്രമാണ് ഈ സമരങ്ങൾ എന്ന് നാട്ടുകാർ തിരിച്ചറിഞ്ഞു കഴിഞ്ഞു. സി.പി.എമ്മിന്റെ പ്രാദേശിക ഘടകങ്ങൾക്കെല്ലാം മാഫിയകളുടെ കൈ യിൽ നിന്നും ലഭിക്കുന്ന അതിരില്ലാത്ത സഹായം കർഷകരെ കൈവെടിഞ്ഞ് അവരെ സമ്പന്നന്മാരുടെ ദല്ലാളുകളാക്കി മാറ്റിയിരിക്കുകയാണ്. നവംബർ 15 വരെ വെള്ളക്കെട്ടൊഴിവാക്കി മുരിയാട് പാടം കൃഷിയോഗ്യമാക്കാമെന്ന് ഉറപ്പ് നൽകിയിട്ടും ഡിസംബർ 15ന് ശേഷമാണ് ആദ്യ മോട്ടോർ പ്രവർത്തിച്ചത്. 22 എണ്ണം വേണ്ടിടത്ത് ഇപ്പോൾ 2 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. 90 ലക്ഷം രൂപ അനുവദിച്ച വികസന പ്രവർത്തനങ്ങൾ എവിടെയുമെത്തിയിട്ടില്ല. പൂർണ്ണമായ ഖനന നിരോധനമാണ് ഏർപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ ജെ.സി.ബി. ഉപയോഗിച്ചാണ് മണ്ണെടുപ്പ്. ഈ നിലപാടുകൾക്കെതിരെ ഫെബ്രുവരി 20ന് കോക്രച്ചാൽ പാടത്ത് കൃഷിയുപകരണങ്ങളുമായി ഇറങ്ങി കർഷകസാക്ഷ്യം നടത്തി സമരപരിപാടികൾ പുനരാരംഭിക്കാൻ കർഷകമുന്നേറ്റം തീരുമാനിച്ചു. കഴിഞ്ഞ സമരത്തിന്റെ ഒന്നാം വാർഷികമായ മാർച്ച് 7 ന് അനിശ്ചിതകാല നിരാഹാരം തുടങ്ങാനും സമരപ്രവർത്തകർ തീരുമാനിച്ചിട്ടുണ്ട്.

*ബന്ധങ്ങൾക്ക് : 9495169930*